ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ തലത്തിൽ അപേക്ഷ ക്ഷണിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ നിശ്ചയമായും വിശദമായ അന്വേഷണം നടത്തും.

ടി. സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമനങ്ങൾ

146 (3100) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കൗൺസിലുകളിലെ നിയമനങ്ങളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ നേരിട്ട് എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ;

(സി) ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) സ്ഥിര ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്ചേഞ്ച് മുഖേനയാണ് ഇപ്പോൾ നിയമനങ്ങൾ നടത്തുന്നത്.

(ബി) മൂന്നുപേർക്ക്.

(സി) നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ മുമ്പാകെ എത്തിയിട്ടില്ല.

ടി.സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമന നടപടി

147 (3101) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.സി. മെഡിക്കൽ കൗൺസിലിലും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലും നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബാധകമായ എല്ലാ ചട്ടങ്ങളും ഉത്തരവുകളും പ്രസ്തുത കൗൺസിലിലെ ജീവനക്കാർക്കും ബാധകമാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെ മാനേജർ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്താതിരിക്കുന്നതിന്റെ കാരണം പറയുമോ ; ഈ തസ്തികയോടനുബന്ധിച്ചുള്ള ജോലികൾ എപ്രകാരമാണ് നടത്തിവരുന്നത് ;

(ഇ) ഈ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുമാണ് സ്ഥിര ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത്.

(ബി) സർക്കാർ സർവ്വീസിലെ മുഴുവൻ ചട്ടങ്ങളും ഉത്തരവുകളും കൗൺസിലിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ല.

(സി) 1-11-2002 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്.

(ഡി) സീനിയോറിറ്റി സംബന്ധിച്ച് കേസുകൾ നിലവിലുള്ളതു കാരണമാണ് പ്രസ്തുത തസ്തികയിൽ നിയമനം നടത്താത്തത്. ആയതിനാൽ സാമ്പത്തികാനുകൂല്യങ്ങൾ ഒന്നും നൽകാതെ ഏറ്റവും സീനിയറായ ആൾക്ക് ചാർജ്ജ് നൽകിയിരിക്കുകയാണ്.

(ഇ) കോടതിയിൽ നിലവിലുള്ള കേസുകളുടെ തീർപ്പിന് വിധേയമായി നിയമനം നൽകുന്നതാണ്.

നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ രജിസ്ട്രാർക്കെതിരെ വിജിലൻസ് അന്വേഷണം

148 (3102) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ രജിസ്ട്രാർക്ക് എതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) ടിയാനെതിരെ ഏതെല്ലാം വിധത്തിലുള്ള അഴിമതി, മറ്റ് ക്രമക്കേടുകൾ തുടങ്ങിയവ ഉന്നയിച്ചുകൊണ്ട് പരാതി കിട്ടിയിട്ടുണ്ട് ;

(സി) ടിയാനെതിരെയുള്ള വിജിലൻസ് അന്വേഷണം സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻപ്രകാരം സ്വീകരിച്ച നടപടികളെന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly